29.06.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 31–12–05

# നവ വർഷത്തിൽ പഴയ സംസ്ക്കാരങ്ങളെ യോഗ അഗ്നിയിലൂടെ സമാപ്തമാക്കി ബ്രഹ്മബാബയ്ക്ക് സമാനം ത്യാഗം,തപസ്സ്, സേവനത്തിൽ ഒന്നാമത് എത്തൂ.

ഇന്ന് ബാപ്ദാദ നാല്ഭാഗത്തെയും സന്മുഖത്ത് ആണെങ്കിലും, ദൂരെയാണെങ്കിലും ഹൃദയത്തിനു സമീപ ത്തിരിക്കുന്ന എല്ലാവർക്കും മൂന്ന് ആശംസകൾ നൽകുന്നു. ഒന്ന് നവജീവിതത്തിന്റെ ആശംസകൾ, രണ്ടാമത്തേത് നവയുഗത്തിന്റെ ആശംസകൾ,മൂന്നാമത്തേത് ഇന്നത്തെ ദിവസം നവ വർഷത്തിന്റെ ആശംസകൾ.നിങ്ങൾ എല്ലാവരും നവ വർഷത്തിന്റെ ആശംസകൾ കൈമാറുന്നതിന് വന്നിരിക്കുകയാണ്.വാസ്തവത്തിൽ സത്യമായ ഹൃദയത്തിലെ സന്തോഷത്തിന്റെ ആശംസകൾ ബ്രാഹ്മണ ആത്മാക്കളായ നിങ്ങളാണ് എടുക്കുക്കുകയും, കൊടുക്കുകയും ചെയ്യുന്നത്. ഇന്നത്തെ ദിവസത്തിന്റെ മഹത്വമാണ്. വിടപറയുകയും ചെയ്യുന്നു,ആശംസകളും തരുന്നു. വിടപറയലിന്റെയും ആശംസകളുടെയും സംഗമ യുഗമാണ്. ഇന്നത്തെ ദിവസത്തെ സംഗമ ദിവസം എന്ന് വിളിക്കാം. സംഗമത്തിന്റെ മഹിമ വളരെ വലുതാണ്.നിങ്ങൾക്കറിയാം സംഗമയുഗത്തിന്റെ മഹിമ കാരണം ഇന്നത്തെ കാലത്തു പഴയ വർഷത്തിന്റെയും പുതിയതിന്റെയും സംഗമം എത്ര ആർഭാടമായാണ് ആഘോഷിക്കുന്നത്. സംഗമ യുഗത്തിന്റെ മഹിമ കാരണമാണ് ഈ പഴയതിന്റെയും പുതിയ വർഷത്തിന്റെയും സംഗമത്തിന് മഹിമ ഉള്ളത്. രണ്ടു നദികൾ ചേരുന്നിടത്തു സംഗമം നടക്കുന്നു, അതിനും മഹിമ ഉണ്ട്. എവിടെയാണോ നദിയും സാഗരവും സംഗമിക്കുന്നത് അതിനും മഹിമ ഉണ്ട്. നിങ്ങൾ ഭാഗ്യവാൻ ബ്രാഹ്മണ ആത്മാക്കൾ ഇരിക്കുന്ന ഈ സംഗമ യുഗത്തിന്, പുരുഷോത്തമ യുഗത്തിനാണ് ,ഏറ്റവും കൂടുതൽ മഹിമ ഉള്ളത്. ഈ ലഹരി ഇല്ലേ! ആരെങ്കിലും നിങ്ങളോട് ചോദിക്കുകയാണ് നിങ്ങൾ ഏത് സമയത്തിലാണ്?കലിയുഗത്തിലാണോ ഇരിക്കുന്നത് അതോ സത്യയുഗത്തിലോ?ഉടനെ ഉത്സാഹത്തോടെ എന്ത് പറയും? ഞങ്ങൾ ഈ സമയത്ത് പുരുഷോത്തമ സംഗമ യുഗത്തിലാണിരിക്കുന്നത്.നിങ്ങൾ കലിയുഗത്തിലുള്ളവർ അല്ല സംഗമ യുഗികൾ ആണ്. ഈ സംഗമ യുഗത്തിന് വിശേഷമായി മഹിമയുള്ളത് എന്ത്കൊണ്ടാണ്? ഭഗവാന്റെയും കുട്ടികളുടെയും മിലനം ഉണ്ടാകുന്നത് കാരണമാണ്. വേറെ ഒരു യുഗത്തിലും നടക്കാത്ത മേള നടക്കുന്നു, മിലനം നടക്കുന്നു. മേള ആഘോഷിക്കാൻ വന്നതല്ലേ! മിലനത്തിന്റെ മേള ആഘോഷിക്കാൻ നിങ്ങൾ എവിടെയെല്ലാം നിന്നാണ് വന്നിട്ടുള്ളത്. ആത്മാവാകുന്ന എനിക്ക് ഇങ്ങനെയുള്ള ഭാഗ്യം ഡ്രാമയിൽ അടങ്ങിയിരിക്കുന്നു എന്ന് എപ്പോഴെങ്കിലും സ്വപ്നത്തിൽ പോലും ചിന്തിച്ചിരുന്നോ. ആത്മാവിനു പരമാത്മാവുമായി മിലനത്തിനുള്ള ഭാഗ്യം ഉണ്ടായിരുന്നു , ഉള്ളതാണ്. ഓരോ കുട്ടിയുടെയും ഭാഗ്യം കണ്ടു ബാബയും സന്തോഷിക്കുന്നു. ആഹാ! ഭാഗ്യവാന്മാരായ കുട്ടികളെ ആഹാ! സ്വന്തം ഭാഗ്യം കാണുമ്പോൾ ഹൃദയത്തിൽ തനിക്കു വേണ്ടി ആഹാ ഞാൻ! ആഹാ ! ആഹാ എന്റെ ഭാഗ്യം ! ആഹാ! ആഹാ എന്റെ ബാബ ! ആഹാ! എന്റെ ബ്രാഹ്മണ കുടുംബം ആഹാ! ആഹാ എന്ന പാട്ട് സ്വതവേ ഹൃദയത്തിൽ പാടാറുണ്ടോ!

ഈ സംഗമ സമയത്തിൽ ഏതെല്ലാം കാര്യങ്ങൾക്ക് വിട നൽകണം എന്ന് സ്വയം ഉള്ളിൽ ചിന്തിച്ചോ? എല്ലാവരും ചിന്തിച്ചോ? സദാ കാലത്തേയ്ക്ക് വിട നൽകണം. സദാ കാലത്തേയ്ക്ക് വിട കൊടുത്താൽ മാത്രമേ സദാ കാലത്തേയ്ക്ക് അഭിനന്ദനങ്ങൾ ആഘോഷിക്കാൻ കഴിയൂ. അഭിനന്ദനം അതുപോലെ കൊടുക്കണം മുന്നിൽ വരുന്ന ആത്മാക്കളും നിങ്ങളുടെ മുഖം കണ്ടു അഭിനന്ദനം പ്രാപ്തമാക്കി സന്തോഷിക്കണം. ആരാണോ ഹൃദയത്തിൽ നിന്ന് അഭിനന്ദനം കൊടുക്കയും എടുക്കുകയും ചെയ്യുന്നവർ അവർ സദാ എങ്ങനെ കാണപ്പെടും? സംഗമയുഗി ഫരിശ്ത. എല്ലാവരുടെയും പുരുഷാർത്ഥം ഇതാണ് ബ്രാഹ്മണനിൽ നിന്നും ഫരിശ്തയാവുക, ഫരിശ്ത യിൽ നിന്നും ദേവതയാകണം! എല്ലാ പ്രകാരത്തിലെ സങ്കല്പത്തിന്റെയും,ഏതെങ്കിലുമൊക്കെ പ്രവൃത്തിയുടെയും, കർമ്മത്തിന്റെയും, എല്ലാ ഭാരവും ബാബയ്ക്ക് കൊടുത്തില്ലേ! ഭാരം കൊടുത്തോ കുറച്ച് ബാക്കിയുണ്ടോ? ചെറിയ ഭാരം പോലും ഫരിശ്ത ആകാൻ സമ്മതിക്കില്ല, ബാബയും കുട്ടികളുടെ ഭാരം എടുക്കാൻ വന്നിരിക്കുകയാണ് ,അപ്പോൾ ഭാരം കൊടുക്കാൻ പ്രയാസമാണോ! ബുദ്ധിമുട്ടുണ്ടോ അതോ സഹജമാണോ? ഭാരം കൊടുത്ത കഴിഞ്ഞു എന്ന് കരുതുന്നവർ കൈ ഉയർത്തൂ.കൊടുത്ത്കഴിഞ്ഞോ? നോക്കൂ ചിന്തിച്ചിട്ട് കൈ ഉയർത്തണം. ഭാരം കൊടുത്ത് കഴിഞ്ഞോ? ശരി, കൊടുത്തെങ്കിൽ ആശംസകൾ. ആരല്ലാമാണോ കൊടുക്കാത്തത് അവർ എന്തിനാണ് വച്ചിരിക്കുന്നത്? ഭാരം ഇഷ്ടമാണോ? ഏറ്റവും സൂക്ഷ്മമായ ഭാരമാണ് പഴയ സാസ്ക്കാരങ്ങളുടേത്. ഈ വർഷം തീരുകയാണല്ലോ,ബാപ്ദാദ ഓരോ കുട്ടിയുടെയും ഈ വർഷത്തെ ചാർട്ട് നോക്കി. നിങ്ങൾ എല്ലാവരും അവരവരുടെ മുഴുവൻ വർഷത്തിന്റെയും ചാർട്ട് പരിശോധിച്ചു കാണും? ബാപ്ദാദ കണ്ടു പല കുട്ടികളുടെയും ഈ പഴയ ലോകത്തോടുള്ള ആകർഷണം കുറഞ്ഞു, പഴയ സംബന്ധങ്ങളോടും ആകർഷണം കുറഞ്ഞു, എന്നാൽ പഴയ സംസ്ക്കാരത്തിന്റെ ഭാരം കൂടുതലായും അവശേഷിക്കുന്നുണ്ട്. ഏതെങ്കി

ലുമൊക്കെ രൂപത്തിൽ മനസ്സിൽ അശുദ്ധ സങ്കൽപ്പങ്ങൾ ഇല്ലെങ്കിലും വ്യർത്ഥ സങ്കല്പങ്ങളുടെ സംസ്ക്കാരം ഇപ്പോഴും ശതമാനത്തിൽ കാണപ്പെടുന്നു. വാക്കിലും കാണുന്നുണ്ട്. സംബന്ധ സമ്പർക്കത്തിലും ഏതെങ്കിലുമൊക്കെ സംസ്ക്കാരം ഇപ്പോഴും കാണുന്നുണ്ട്.
ഇന്ന് എല്ലാ കുട്ടികൾക്കും ബാപ്ദാദ ആശംസകൾ നൽകുന്നതിനൊപ്പം ഈ സൂചനയും തരുന്നു അവശേഷിക്കുന്ന സംസ്ക്കാരം സമയമാകുമ്പോൾ ചതിക്കും അന്തിമത്തിൽ ചതിക്കാൻ കാരണമാകും അത്കൊണ്ട് ഇന്ന് സംസ്കാരങ്ങളുടെ സംസ്ക്കാരം ചെയ്യൂ. ഓരോരുത്തർക്കും തന്റെ സംസ്ക്കാരം അറിയാം, ഉപേക്ഷിക്കാൻ ആഗ്രഹം ഉണ്ട്, ബുദ്ധിമുട്ടുന്നുണ്ട്, സദാ പരിവർത്തനമാക്കുന്നതിൽ തീവ്ര പുരുഷാർത്ഥി അല്ല. കാരണം? എന്ത് കൊണ്ട് തീവ്ര പുരുഷാർത്ഥം ചെയ്യുന്നില്ല? കാരണമിതാണ്, ഏതുപോലെ രാവണനെ വധിച്ചു, വധിക്കുക മാത്രമല്ല കത്തിക്കുകയും ചെയ്തു. അതുപോലെ ഇല്ലാതാക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം,സംസ്ക്കാരം കുറച്ച് അബോധവേസ്ഥയിലാകുന്നുണ്ട് , എന്നാൽ കത്തിക്കുന്നില്ലെങ്കിൽ ഇടയ്ക്കിടയ്ക്ക് അബോധാവസ്ഥയിൽ നിന്ന് എഴുന്നേൽക്കും. **പഴയ സംസ്കാരങ്ങളെ സംസ്ക്കരിക്കുന്നതിനായി ഈ പുതിയ വർഷം യോഗ അഗ്നി കത്തിക്കുന്നതിന്റെ ദൃഢ സങ്കല്പത്തിൽ ശ്രദ്ധ കൊടുക്കൂ**. ചോദിക്കാറില്ലേ ഈ പുതിയ വർഷം എന്ത് ചെയ്യണം? സേവനത്തിന്റെ കാര്യം വേറെയാണ്, എന്നാൽ ആദ്യം സ്വയത്തിന്റെ കാര്യമാണ് – യോഗം ചെയ്യുന്നുണ്ട്, കുട്ടികൾ യോഗത്തിന്റെ അഭ്യാസം ചെയ്യുന്നത് ബാബ കാണുന്നുണ്ട്. അമൃതവേളയിലും ധാരാളം പുരുഷാർത്ഥം ചെയ്യുന്നുണ്ട്,എന്നാൽ യോഗ തപസ്യ, തപസ്സിന്റെ രൂപത്തിൽ ചെയ്യുന്നില്ല. തീർച്ചയായും സ്നേഹത്തോടെ ഓർമ്മിക്കുന്നു, വളരെയധികം ആത്മീയ സംഭാഷണം ചെയ്യുന്നുണ്ട്, ശക്തി നേടാനുള്ള അഭ്യാസം ചെയ്യുന്നുണ്ട്, ഓർമ്മ പക്ഷെ അത്രയ്ക്ക് ശക്തിശാലി ആകുന്നില്ല, വിട നൽകാൻ ഏതൊക്കെ സങ്കൽപ്പങ്ങൾ വയ്ക്കുന്നോ, ഉടനെ വിട ആകണം. യോഗം യോഗ അഗ്നിയുടെ രൂപത്തിൽ കാര്യത്തിൽ ഉപയോഗിക്കുന്നില്ല, അതുകൊണ്ട് യോഗം ശക്തിശാലിയാക്കൂ. സംസ്ക്കാരം ഭസ്മമാക്കുന്നതിന് വിശേഷമായി ഏകാഗ്രതയുടെ ശക്തി വേണം. ഏത് സ്വരൂപത്തിൽ എത്ര സമയം ഏകാഗ്രമാകാൻ ആഗ്രഹിക്കുന്നുണ്ടോ അത്രയും ഏകാഗ്രത വേണം സങ്കല്പിച്ചതും ഭസ്മമായി. ഇതിനെയാണ് യോഗ അഗ്നി എന്ന് പറയുന്നത്.പേരും അടയാളവും സമാപ്തം. കൊല്ലുമ്പോൾ ജഡം ബാക്കി കാണുമല്ലോ! ഭസ്മമായി കഴിഞ്ഞാൽ പേരും അടയാളവും എല്ലാം സമാപ്തമാകും. ഈ വർഷം യോഗം ശക്തിശാലി സ്ഥിതി ഉള്ളതാക്കൂ. ഏത് സ്വരൂപത്തിൽ ഇരിക്കാൻ ആഗ്രഹിക്കുന്നോ, മാസ്റ്റർ സർവ്വ ശക്തിവാൻ ഓർഡർ കൊടുക്കൂ ,സമാപ്തമാക്കുന്നതിനുള്ള ശക്തി നിങ്ങളുടെ ഓർഡർ അനുസരിക്കാതിരിക്കുക സാധ്യമല്ല. അധികാരിയാണ്.മാസ്റ്റർ എന്നാണ് പറയുന്നത്! മാസ്റ്റർ ഓർഡർ കൊടുത്തിട്ട് ശക്തി വരാതെയിരുന്നാൽ അത് എന്ത് മാസ്റ്റർ ആണ്? ബാപ്ദാദ കണ്ടു പഴയ സംസ്കാരങ്ങളുടെ കുറച്ചൊക്കെ അംശം ഇപ്പോഴും ബാക്കി ഉണ്ട്, ആ അംശം ഇടയ്ക്ക് വംശം ഉണ്ടാക്കും, അത് കർമ്മത്തിലും കാര്യത്തിൽ വരും.യുദ്ധം ചെയ്യേണ്ടി വരും.ബാപ്ദാദയ്ക്ക് കുട്ടികളുടെ ചില സമയത്തെ യുദ്ധത്തിന്റെ സ്വരൂപം ഇഷ്ടപ്പെടുന്നില്ല. ഓരോ കുട്ടിയെയും അധികാരിയുടെ സ്വരൂപത്തിൽ കാണാനാണ് ബാപ്ദാദയ്ക്ക് ആഗ്രഹം. ഓർഡർ ചെയ്യൂ, ഹാജരാകണം.
ഈ വർഷം സ്വയത്തിനായി എന്ത് ചെയ്യണമെന്ന് കേട്ടില്ലെ? ശക്തിശാലി, നിശ്ചിന്ത ചക്രവർത്തി എല്ലാവരുടെയും ലക്ഷ്യമാണ്, ആരോട് ചോദിച്ചാലും എന്താണ് പറയുന്നത്? ഞങ്ങൾ വിശ്വ രാജ്യം പ്രാപ്തമാക്കും, രാജ്യ അധികാരി ആകും. സ്വയം രാജയോഗി എന്നാണ് പറയുന്നത്. പ്രജാ യോഗി ആണോ?മുഴുവൻ സഭയിൽ ആരെങ്കിലും പ്രജാ യോഗി ആണോ? ഉണ്ടോ? പ്രജാ യോഗികൾ ആണ്,രാജയോഗികൾ അല്ല. ടീച്ചേർസ് ആരെങ്കിലും ഉണ്ടോ? നിങ്ങളുടെ സെന്ററിൽ പ്രജാ യോഗികൾ ആരെങ്കിലും ഉണ്ടോ?എല്ലാവരും രാജയോഗികൾ എന്നാണ് പറയുന്നത്. പ്രജായോഗിയിൽ ആരും കൈ ഉയർത്തില്ല. ഇഷ്ടപ്പെടില്ല അല്ലെ! ബാബയ്ക്കും അഭിമാനം ഉണ്ട്. ബാപ്ദാദ അഭിമാനത്തോടെ പറയും സംഗമത്തിൽ ഓരോ കുട്ടിയും രാജാ കുട്ടിയാണ്. എന്റെ എല്ലാ കുട്ടികളും രാജാവാണ് എന്ന് ഒരു അച്ഛനും ഉറപ്പോടെ പറയാൻ കഴിയില്ല. ബാപ്ദാദ പറയുന്നു എന്റെ ഓരോ കുട്ടിയും സ്വരാജ്യ അധികാരി രാജാവാണ്. പ്രജാ യോഗിയിൽ കൈ ഉയർത്തിയില്ലല്ലോ, രാജാവ് അല്ലെ! ഓർഡർ കൊടുത്തത് ആർക്കാണോ അവർ വന്നില്ല അങ്ങനെയുള്ള അയഞ്ഞ രാജാവല്ല. ദുർബലനായ രാജാവാകരുത്. പുറകിലിരിക്കുന്നവർ ആരാണ്? രാജയോഗിയാണെന്നു കരുതുന്നവർ കൈ ഉയർത്തൂ. മുകളിലും ഇരിക്കുന്നുണ്ട്, (ഗാലറിയിൽ ഇരുന്നും കൈ ഉയർത്തുന്നുണ്ട്. ഇന്ന് ഹാളിൽ 18 ആയിരം സഹോദരി സഹോദരന്മാർ ഇരിക്കുന്നുണ്ട്)ബാപ്ദാദ കാണുന്നുണ്ട്, മുകളിൽ ഉള്ളവർ കൈ ഉയർത്തൂ.

ഇപ്പോൾ ഈ അവസാനത്തെ ടേണിൽ തുടങ്ങാം. ബാപ്ദാദ മൂന്നു മാസം തരുന്നു, ശരി തരട്ടെ? ഹോം വർക്ക് തരും, ഇടയ്ക്കിടയ്ക്ക് ഉള്ള ഈ ഹോം വർക്ക് അവസാനത്തെ പേപ്പറിൽ ശേഖരിക്കപ്പെടും. ഓരോരുത്തരും മൂന്ന് മാസം തന്റെ ചാർട്ട് പരിശോധിക്കണം, മാസ്റ്റർ സർവ്വശക്തിവനായി ഏതെങ്കിലും കർമ്മേന്ദ്രിയങ്ങൾക്ക് , ഏതെങ്കിലും ശക്തിയ്ക്ക് ഓർഡർ കൊടുത്തപ്പോൾ ആർക്കാണോ ഓർഡർ

കൊടുത്തത് അവർ ഓർഡർ അനുസരിച്ചോ ഇല്ലയോ?ചെയ്യാമോ? മുൻപിലെ വരിയിലുള്ളവർ ചെയ്യുമോ? കൈ ഉയർത്തൂ. ശരി. മൂന്ന് മാസം പഴയ സംസ്കാരങ്ങൾ ഒന്നും യുദ്ധം ചെയ്യരുത്. അലസരാകരുത്. റോയൽ അലസത കൊണ്ട് വരരുത്, ആകും... ബാപ്ദാദയോട് ഒത്തിരി മധുരമധുരമായ കാര്യങ്ങൾ പറയും, ബാബ അങ്ങേയ്ക്ക് ചിന്തയൊന്നും വേണ്ട, ഞങ്ങൾ ആയിത്തീരും എന്ന് പറയും.ബാപ്ദാദ എന്ത് ചെയ്യും? കേട്ട് പുഞ്ചിരിക്കുന്നു. എന്നാൽ ബാപ്ദാദ ഈ മൂന്ന് മാസം അങ്ങനെ ഏതെങ്കിലും കാര്യം പറഞ്ഞാൽ സമ്മതിക്കില്ല. സമ്മതമാണെങ്കിൽ കൈ ഉയർത്തൂ. ഹൃദയത്തിൽ നിന്ന് കൈ ഉയർത്തണം. എല്ലാവരും കൈ ഉയർത്തുന്നത് കാരണം കൈ ഉയർത്തരുത്. ചെയ്തേ മതിയാകൂ,എന്ത് സഹിക്കേണ്ടി വന്നാലും , ഉപേക്ഷിക്കേണ്ടി വന്നാലും സാരമില്ല. ചെയ്തേ പറ്റൂ. പക്കായാണോ?പക്കയാണോ?പക്കയാണോ? ടീച്ചേർസ് ചെയ്യണ്ടേ?

ശരി, ഈ കിരീടമുള്ള കുട്ടികൾ എന്ത് ചെയ്യും? ( കൊച്ച് കുട്ടികൾ കിരീടം വച്ച് മുൻപിൽ ഇരിക്കുന്നുണ്ട്)നല്ല കിരീടമാണ് വച്ചിരിക്കുന്നത്. ചെയ്യേണ്ടി വരും. ശരി. നോക്കൂ കുട്ടികൾ കൈ ഉയർത്തുന്നു. ചെയ്തില്ലെങ്കിൽ എന്ത് ചെയ്യും? അതും പറയൂ. ബാപ്ദാദയുടെ സീസണിൽ ഒരു പ്രാവശ്യം വരാൻ അനുവദിക്കില്ല, കാരണം ബാപ്ദാദയ്ക്ക് കാണാം സമയം നിങ്ങളെ കാത്തിരിക്കുന്നു.നിങ്ങൾ സമയത്തെ കാത്തിരിക്കുന്നവർ അല്ല,നിങ്ങൾ തയ്യാറെടുപ്പ് നടത്തുന്നവർ ആണ്, സമയം നിങ്ങളെ കാത്തിരിക്കുന്നു. പ്രകൃതിയും,സതോപ്രധാന പ്രകൃതി നിങ്ങളെ വിളിക്കുന്നു. മൂന്ന് മാസം തന്റെ ശക്തി ശാലി സ്ഥിതിയിലിരുന്ന് സംസ്ക്കാരം പരിവർത്തനമാക്കണം. മൂന്ന് മാസം ശ്രദ്ധിച്ചാൽ അത് ഭാവിയിലേക്ക് അഭ്യാസം ആകും. ഒരു പ്രാവശ്യം പരിവർത്തനത്തിന്റെ വിധി ശീലമായാൽ അത് വളരെ ഉപയോഗം വരും. നിങ്ങൾ സമയത്തെ കാത്തിരിക്കാതെ,വിനാശം എപ്പോൾ വരും, വിനാശം എപ്പോൾ വരും എല്ലാവരും ആത്മീയ സംഭാഷണത്തിൽ പറയാറുണ്ട് ,പുറത്തേയ്ക്ക് പറയില്ല ഉള്ളിൽ പക്ഷെ പറയുന്നുണ്ട് അറിയില്ല എപ്പോൾ വിനാശം വരും,രണ്ടു വർഷത്തിൽ വരുമോ, 10 വർഷത്തിൽ വരുമോ,എത്ര വർഷത്തിൽ വരും?നിങ്ങൾ എന്തിന് സമയത്തെ കാത്തിരിക്കുന്നു, സമയം നിങ്ങളെ കാത്തിരിക്കുകയാണ്. ബാബയോടു ചോദിക്കുന്നു തീയതി പറയൂ, വർഷമെങ്കിലും പറഞ്ഞതരൂ, 10 വർഷമെടുക്കുമോ, 20 വർഷമെടുക്കുമോ,എത്ര വർഷം വേണം?

ബാപ്ദാദ കുട്ടികളോട് ചോദിക്കുന്നു നിങ്ങൾ എല്ലാവരും ബാബയ്ക്ക് സമാനമായോ? കർട്ടൻ തുറക്കട്ടെ,ഇനി കർട്ടൻ തുറക്കുമ്പോൾ ചിലർ മുടി ചീകുന്നു,ചിലർ മുഖത്ത് ക്രീം ഇടുന്നു,എവർ റെഡി ആയോ,സംസ്ക്കാരം സമാപ്തമായാൽ ബാപ്ദാദയ്ക്ക് കർട്ടൻ തുറക്കാൻ താമസമൊന്നും ഇല്ല. എവർ റെഡി ആകൂ! ആകും ആകും എന്ന് പറഞ്ഞു ബാപ്ദാദയെ ഒത്തിരി കാലം സന്തോഷിപ്പിച്ചു. ഇനി അങ്ങനെ ചെയ്യരുത്. ആകണം,ചെയ്യണം.ബാബയ്ക്ക് സമാനം ആകണം,ഇതിൽ എല്ലാവരും കൈ ഉയർത്തും, ഉയർത്തിപ്പിക്കേണ്ട ആവശ്യമില്ല.ബ്രഹ്മ ബാബയെ നോക്കൂ, സകാരത്തിൽ ബ്രഹ്മബാബയെ ഫോളോ ചെയ്യണം! അവസാന നിമിഷം വരെ ബ്രഹ്മബാബ പ്രാക്ടിക്കലിൽ ത്യാഗം,തപസ്സ്,സേവനം, കാണിച്ച് തന്നു. തന്റെ ഡ്യൂട്ടി ശിവബാബയുടെ മഹാവാക്യം ഉച്ചരിക്കുന്ന ഡ്യൂട്ടി അവസാനത്തെ ദിവസവും നിർവ്വഹിച്ചു.അവസാനത്തെ മുരളി ഓർമ്മയുണ്ടോ?മൂന്നു വാക്കുകളുടെ വരദാനം, ഓർമ്മയുണ്ടോ?(നിരാകരി, നിർവ്വികാരി, നിരഹങ്കാരി ആകൂ) ഓർമ്മയുള്ളവർ കൈ ഉയർത്തൂ. ശരി എല്ലാവർക്കും ഓർമ്മയുണ്ട്, ആശംസകൾ. അവസാന ദിവസം വരെയും ത്യാഗം ചെയ്തു,കുട്ടികൾ എത്ര സ്നേഹപൂർവ്വം ബാബയോടു പറഞ്ഞിട്ടും തന്റെ പഴയ മുറി ഉപേക്ഷിച്ചില്ല,കുട്ടികൾക്ക് വേണ്ടി ഉണ്ടാക്കിയതാണ്, സ്വയം ഉപയോഗിച്ചില്ല. സദാ രണ്ടര മൂന്നു മണിക്ക് എഴുന്നേറ്റ് സ്വയത്തിനു വേണ്ടി തപസ്സ് ചെയ്തു,സംസ്ക്കാരം ഭസ്മമാക്കി, അവ്യക്ത കർമ്മാതീതമായി, ഫരിശ്ത ആയി. ചിന്തിച്ചത് ചെയ്ത് കാണിച്ചു. പറയുന്നത് ചിന്തിക്കുന്നത്,ചെയ്യുന്നത് മൂന്നിലും സമാനത. ഫോളോ ഫാദർ. അവസാനം വരെ തന്റെ കർത്തവ്യത്തിൽ പൂർണ്ണത ഉണ്ടായിരുന്നു, കത്ത് എഴുതി, എത്ര കത്തുകൾ എഴുതി?

സേവനം ഉപേക്ഷിച്ചില്ല. ഫോളോ ഫാദർ.അഖണ്ഡ മഹാദാനി , മഹാദാനി അല്ല, അഖണ്ഡ മഹാദാനിയുടെ പ്രാക്ടിക്കൽ രൂപം കാണിച്ചു, അന്തിമത്തിലും. അവസാനം വരെ ആധാരം ഒന്നുമില്ലാതെ തപസ്വി രൂപത്തിൽ ഇരുന്നു.ഇപ്പോൾ കുട്ടികൾ ആധാരമെടുക്കുന്നുണ്ട്, ഇരിക്കുന്നതിന്റെ. ബ്രഹ്മബാബ ആദ്യം മുതൽ അവസാനം വരെ തപസ്വി രൂപത്തിലാണ് ഇരുന്നത്. കാണുകളിൽ കണ്ണട ധരിച്ചില്ല. ഇത് സൂക്ഷമ ശക്തിയാണ്. നിരാധാരം.ശരീരം പഴയതാണ്. ദിവസേന പ്രകൃതി, വായു, ജലം, എല്ലാം മലിനമായിക്കൊണ്ടിരിക്കുന്നു,അതിനാൽ ബാപ്ദാദ നിങ്ങളോട് പറയാറില്ല, എന്തിനാണ് ആധാരം എടുക്കുന്നത്, കണ്ണട എന്തിനു ധരിക്കുന്നു, ധരിച്ചോളൂ പക്ഷെ സ്ഥിതി തീർച്ചയായും ശക്തിശാലിയാക്കണം. മുഴുവൻ വിശ്വത്തിന്റെ കാര്യം സമാപ്തമാക്കിയോ? ബാപ്ദാദ നിങ്ങളോടു ചോദ്യം ചോദിക്കുകയാണ്,നിങ്ങൾ എല്ലാവരും സന്തുഷ്ടരാണോ? വിശ്വ കല്യാണത്തിന്റെ കാര്യം പൂർത്തിയായോ? വിശ്വ കല്യാണത്തിന്റെ കാര്യം സമാപ്തമായി എന്ന് കരുതുന്നവർ കൈ ഉയർത്തൂ. ഒരാൾ പോലുമില്ല? എങ്ങനെയാണു വിനാശം നടക്കും എന്ന് പറയുന്നത്? കാര്യം പൂർത്തിയാക്കിയിട്ടില്ല.ശരി.

നാനാഭാഗത്തേയും ഉന്മേഷത്തിലും ഉത്സാഹത്തിലും മുന്നോട്ട് പോകുന്ന,സദാ ധൈര്യത്തോടെ ബാപ്ദാദയുടെ കോടിമടങ്ങു സഹായത്തിനു പത്രമാകുന്ന കുട്ടികൾക്ക്,സദാ വിജയി രത്നങ്ങളാണ്, ഓരോ കല്പ്പവും വിജയികളായിരുന്നു,ഇപ്പോഴും വിജയി ആണ്, ഓരോ കല്പവും വിജയികളാണ്. വിജയികളായ കുട്ടികൾക്ക്, സദാ ഒരു ബാബയല്ലാതെ രണ്ടാമത് ആരുമില്ല, ലോകത്തിന്റെ ആകർഷണം ഇല്ല,സംസ്കാരങ്ങളുടെ ആകർഷണങ്ങളും ഇല്ല, രണ്ടു ആകർഷണങ്ങളിൽ നിന്നും മുക്തമായിരിക്കുന്ന സദാ ബാപ്സമാനാരായ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും നമസ്തേയും.

## വരദാനം:- സദാ കാലത്തേ അറ്റെൻഷനിലൂടെ വിജയ മാലയിൽ കോർക്കപ്പെടുന്ന വളരെ കാലത്തെ വിജയി ആയി ഭവിക്കട്ടെ.

വളരെ കാലത്തെ വിജയികളാണ് വിജയ മാലയിലെ മുത്താകുന്നത്. വിജയി ആകുന്നതിനു സദാ ബാബയെ മുന്നിൽ വയ്ക്കൂ എന്താണോ ബാബ ചെയ്തത് അത് നമ്മളും ചെയ്യണം. ഓരോ ചുവടിലും ബാബയുടെ സങ്കൽപം എന്താണോ അതാണ് കുട്ടികളുടെയും സങ്കൽപം, ബാബയുടെ വാക്കുകൾ എന്താണോ അതാണ് കുട്ടികളുടെയും വാക്ക് അപ്പോൾ വിജയി ആകും. ഈ ശ്രദ്ധ സദാ കാലത്തേത് വേണം. അപ്പോൾ സദാ കാലത്തെ രാജ്യ ഭാഗ്യം പ്രാപ്തമാകും. പുരുഷാർത്ഥം എങ്ങനെയാണോ അതുപോലെ പ്രാപ്തിയും. സദാ പുരുഷാർത്ഥം ഉണ്ടെങ്കിൽ സദാ രാജ്യ ഭാഗ്യവും ഉണ്ട്.

## സ്ലോഗൻ:- സേവനത്തിൽ സദാ ഹാജരാകണം ഇതാണ് സ്നേഹത്തിന്റെ സത്യമായ തെളിവ്.

**അവ്യക്ത സൂചന- ആത്മീയ സ്ഥിതിയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖി ആകൂ.**
ഒരു വ്യക്തി കണ്ണാടിയ്ക്ക് മുന്നിൽ നിൽക്കുമ്പോൾ സ്വന്തം സാക്ഷാത്കാരം ചെയ്യുന്നു, അതുപോലെ നിങ്ങളുടെ ആത്മീയ സ്ഥിതി, ശക്തി ആകുന്ന ദർപ്പണത്തിനു മുന്നിൽ ഏതൊരു ആത്മാവ് വന്നാലും ഒരു സെക്കന്റിൽ സ്വ സ്വരൂപത്തിന്റെ ദർശനവും സാക്ഷാത്കാരവും ചെയ്യും. നിങ്ങളുടെ ഓരോ കർമ്മത്തിലും, ഓരോ ചലനത്തിലും ആത്മീയതയുടെ ആകർഷണം ഉണ്ടാകും. സ്വച്ഛവും ആത്മീയ ബലവുമുള്ള ആത്മാക്കൾ എല്ലാവരെയും തന്റെ അടുത്തേക്ക് തീർച്ചയായും ആകർഷിക്കും.